പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3367 18.2.2013-ൽ മറുപടിക്ക്

വേസ്റ്റ് ഫ്രീ സ്റ്റേറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | 'വേസ്റ്റ് ഫ്രീ സ്റ്റേറ്റ്' എന്നത് യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ; | എ) | മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനായി ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കൽ, പൊതുമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കലും ഉള്ളവയുടെ നവീകരണവും, നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തൽ തുടങ്ങിയവ ഉൾപ്പെടുന്നു. |
| ബി) | 'വേസ്റ്റ് ഫ്രീ സ്റ്റേറ്റ്' എന്ന ലക്ഷ്യം സാക്ഷാൽകരിക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; ഇതിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ; | ബി) | 2011-12 സാമ്പത്തിക വർഷത്തിൽ ഇതിനായി 2219.67 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. അത് നടപ്പിലാക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകാനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ നഗരങ്ങളും നാട്ടിൻപുറങ്ങളും ഒരുപോലെ ചവറുകുനയായി മാറുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കാനായി നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി കൈക്കൊണ്ടു വരുന്നു. |
| ഡി) | പരിസ്ഥിതിയും അന്തരീക്ഷവും മലിനപ്പെടാതെ ചവറുകൾ സംസ്ക്കരിക്കുന്നതിൽ പരാജയപ്പെട്ടു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുപരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | പൂർണ്ണമായും ശരിയല്ല. എന്നാൽ നവീന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പരിസ്ഥിതിയും അന്തരീക്ഷവും മലിനപ്പെടാതെ ചവറുകൾ സംസ്കരിക്കുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നത്. |

സെക്ഷൻ ഓഫീസർ